(എഫ്)ഇവ രഹസ്യസ്വഭാവമുള്ളവയായതിനാൽ ടെണ്ടർ നടപടികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത ഈ സന്ദർഭത്തിൽ ഈ വിവരങ്ങൾ വെളിപ്പെടുത്തുവാൻ ബുദ്ധിമുട്ടുണ്ട്.

101 (3284) ആഗോള ടെന്റർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിലയത്തിന്റെ നിർമ്മാണത്തിന് ക്ഷണിച്ചത് ആഗോള ടെന്റർ ആയിരുന്നുവോ;

(ബി) കോഴിക്കോട് നിലയത്തിന് ആഗോള ടെന്റർ ക്ഷണിച്ചിരുന്നുവോ;

(സി) എങ്കിൽ കോഴിക്കോട് നിലയത്തിന് ആഗോളടെന്റർ ക്ഷണിക്കുകയും കാസർഗോഡിന് ആഗോള ടെന്റർ ക്ഷണിക്കാതിരിക്കുകയും ചെയ്തതിന്റെ കാരണങ്ങൾ വിശദീകരിക്കുമോ?

ഉത്തരം

(എ) 21-4-99 ലെ ബോർഡ് ഉത്തരവനുസരിച്ച് 40 മെഗാവാട്ട് പ്രോജക്ടിന് വൈദ്യുതിബോർഡ് ആഗോള ടെൻഡർ വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ക്ഷണിച്ചിരുന്നു.

(സി) പ്രസക്തമല്ല.

102 (3285) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി (2X50) ക്കാവശ്യമായ യന്ത്രസാമഗ്രികൾ കെ.എസ്.ഇ.ബി.ക്ക് നൽകുന്നതു സംബന്ധിച്ച് ചീഫ് എഞ്ചിനീയർക്ക് ബി.എച്ച്.ഇ.എൽ. നൽകിയ കത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിൽ 50 മെഗാവാട്ടിന്റെ രണ്ട് ജനറേറ്ററുകൾ എന്തു വിലയ്ക്കു നൽകാമെന്നാണ് ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് അറിയിച്ചിരുന്നത്;

(സി) ഈ ഇനത്തിൽ സർക്കാർ അംഗീകാരം നൽകിയ പ്രോജക്ട് റിപ്പോർട്ടിൽ എന്തു തുകയാണ് വകകൊള്ളിച്ചിരിക്കുന്നത്;

(ഡി) ഉയർന്ന തുകയാണെങ്കിൽ അതിനുള്ള കാരണമെന്ത്;

(ഇ) ഇൻഡ്യൻ പൊതുമേഖലാ സ്ഥാപനമായ ബി.എച്ച്.ഇ.എൽ.നെ ഒഴിവാക്കി ചില വിദേശ കമ്പനികൾക്ക് കരാർ നൽകാൻ കെ.എസ്. ഇ.ബി.യിൽ നീക്കങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly